**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1175** **18-09-2025 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലെ കുടിവെള്ള ശൃംഖല ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽ നിന്നുള്ള വായ്പ വിനിയോഗിച്ച് തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലെ കുടിവെള്ള ശൃംഖല ശക്തിപ്പെടുത്തുന്നതിനായി തയ്യാറാക്കിയ പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽ നിന്നുള്ള വായ്പ വിനിയോഗിച്ച് തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ 24 X 7 ജലവിതരണ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് "കേരള അർബൻ വാട്ടർ സർവ്വീസസ് ഇമ്പ്രൂവ്മെന്റ് പ്രോജക്ട് (KUWSIP) ' പദ്ധതി. വരുമാന രഹിത ജലത്തിന്റെ അളവ് (NRW)20% -ൽ താഴെയായി കുറയ്ക്കുകയും ക്രമേണ സാമ്പത്തികവും സേവന സുസ്ഥിരതയും കൈവരിക്കുകയും, കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ പ്രവർത്തന ശേഷി വർദ്ധിപ്പിക്കൽ, ബില്ലിംഗ് സംവിധാനങ്ങൾ, ഉപഭോക്തൃ സേവന കേന്ദ്രങ്ങൾ, മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റങ്ങൾ തുടങ്ങിയവ മെച്ചപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള പ്രവർത്തികൾ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br><br>സംസ്ഥാന സർക്കാരിന്റെ ആവശ്യ പ്രകാരം കേന്ദ്ര സർക്കാരിലെ ഡിപ്പാർട്ട്മെന്റ് ഓഫ് എക്കണോമിക് അഫയേഴ്സ് (DEA) സ്ക്രീനിംഗ് കമ്മിറ്റി 19.12.2017 -ൽ നടന്ന 78-ാമത് യോഗത്തിൽ ADB-യിൽ നിന്ന് രണ്ട് ഘട്ടങ്ങളിലായി 250 ദശലക്ഷം യുഎസ് ഡോളറിന്റെ സാമ്പത്തിക സഹായത്തിനുള്ള KUWSIP നിർദേശം അംഗീകരിച്ചു. ടി പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി G.O (MS) No.13/2020/WRD നമ്പർ ഉത്തരവ് പ്രകാരം 07.02.2020 ൽ നൽകി. ADBയും സംസ്ഥാന സർക്കാരും 70:30 അനുപാതത്തിലാണ് പദ്ധതിയുടെ ചെലവ് പങ്കിടുന്നത്. പദ്ധതിയുടെ നിർവഹണ ഏജൻസി കേരള ജല അതോറിറ്റിയാണ്.<br><br>പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കൊച്ചി നഗരത്തിലെ ജല വിതരണ ശൃംഖല നവീകരിക്കലും വിപുലപ്പെടുത്തലും, ജലശുദ്ധീകരണ ശാലകളുടെ നവീകരണവും ആണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കൊച്ചിയിൽ സ്ഥിരവും വിശ്വസനീയവുമായ ജല |

| | | | |
|---|---|---|---|
| | | | വിതരണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന്റെ ആവശ്യ പ്രകാരം ആദ്യ ഘട്ടത്തിൽ തിരുവനന്തപുരത്തെ പ്രവൃത്തികളിൽ അരുവിക്കരയിലെ ചില അടിയന്തര ജോലികൾ മാത്രമായി പരിമിതപ്പെടുത്തുകയും കൊച്ചി നഗരത്തിലെ ജലലഭ്യത ഉറപ്പ വരുത്തുവാനായി ആലുവയിൽ 190 എംഎൽഡി ജലശുദ്ധീകരണ ശാലയുടെ നിർമ്മാണവും ഉൾപ്പെടുത്തുകയും ചെയ്തു. |
| (ബി) | ഒരോ നഗരത്തിലും ഇതുവരെ വിനിയോഗിച്ച തുക ഉൾപ്പെടെ പ്രസ്തുത പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | പ്രസ്തുത പദ്ധതിയിൽ ഇതുവരെ തുകയൊന്നും വിനിയോഗിച്ചിട്ടില്ല. എ.ഡി.ബി 23.11.2023 -ൽ, ടി പദ്ധതിക്കായി ആദ്യ ഘട്ടത്തിൽ 170 മില്യൺ US ഡോളർ എഡിബി വായ്പയ്ക്ക് അനുമതി നൽകി. പദ്ധതിയുടെഒന്നാം ഘട്ടത്തിൽ കൊച്ചി നഗരത്തിലെ ജല വിതരണ ശൃംഖല നവീകരിക്കലും വിപുലപ്പെടുത്തലും ജലശുദ്ധീകരണ ശാലകളുടെ നവീകരണവും, 10 വർഷത്തേക്കുള്ള ഓപ്പറേഷൻ & മെയിന്റനൻസ് (O&M) കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തിയുടെ ദർഘാസ് 17-05-2025 തീയതിയിലെ G.O(Ms)No. 38/2025/WRD ഉത്തരവ് പ്രകാരം L1 ബിഡറായ M/S SUEZ Projects Pvt. Ltd. JV with Mis SUEZ Eau France, SAS ന് 938.70 കോടി രൂപ നിരക്കിൽ (Exd, Provisional Sum & GST) സർക്കാർ അംഗീകരിക്കുകയും, ജലവിഭവ വകുപ്പ് മന്ത്രിയുടെയും ബഹുമാനപ്പെട്ട വ്യവസായ കയർ നിയമ വകുപ്പ മന്ത്രിയുടെയും സംയുക്ത നേതൃത്വത്തിൽ 10.04.2025 ന് കേരള ജല അതോറിറ്റിയിലെ ട്രേഡ് യൂണിയനുകളുമായും സേവന സംഘടനകളുമായും നടത്തിയ യോഗത്തിൽ ശുപാർശ ചെയ്ത അധിക നടപടികൾ കൂടി (additional measures) ഉൾപ്പെടുത്തി പ്രവർത്തി അവാർഡ് ചെയ്യുവാൻ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകുകയും ചെയ്തു.<br><br>ADB മാനദണ്ഡങ്ങൾക്കനുസൃതമായി ഈ പദ്ധതി നടപ്പിലാക്കുന്നതിന് വാട്ടർ അതോറിറ്റിയെ സഹായിക്കുന്നതിനുള്ള ലോൺ ഇംപ്ലിമെന്റേഷൻ സപ്പോർട്ട് യൂണിറ്റ് (LISU) നുള്ള കൺസൾട്ടൻസി സേവനം, 17-05-2025തീയതിയിലെ GO (Ms) No. 38/2025/WRD പ്രകാരം Tractebol GKW GmbH (GER), in Joint Venture with Centre for Environment and Development (IND) and Vision EIS Consulting Pvt. Ltd (IND) ന് 29.95 കോടി രൂപ (including provisional sums) നിരക്കിൽ ജോലിയുടെ വ്യാപ്തി കുറയുന്നതിനാൽ, കൺസൾട്ടൻസി ജോലികളിലെ ലാഭം വകുപ്പിലേക്ക് ക്രമീകരിക്കണം എന്ന വ്യവസ്ഥയിൽ അവാർഡ് |

| | | | | |
|---|---|---|---|---|
| | | | | ചെയ്യാൻ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് സർക്കാർ അനുമതി നൽകി.<br><br>KUWSIP പദ്ധതിയിൽ ഉൾപ്പെട്ട ഘടകങ്ങൾ തമ്മിലുള്ള തുക ക്രമീകരിച്ചുകൊണ്ട് പദ്ധതിക്ക് നൽകിയിട്ടുള്ള ആകെ ഭരണാനുമതിതുകയിൽ മാറ്റം വരുത്താതെ (07/02/2020 (G.O(Ms) No.13/2020/WRD പ്രകാരമുള്ള 2511 കോടി രൂപ) ആലുവയിൽ 190 എംഎൽഡി ജലശുദ്ധീകരണ ശാഖയുടെ നിർമ്മാണത്തിനുള്ള ഭരണാനുമതി പ്രത്യേകം നൽകുമെന്ന വ്യവസ്ഥയിൽ പുതുക്കിയ ഘടകങ്ങളുടെ സ്റ്റേറ്റ്മെൻറ് 17-05-2025 തീയതിലെ (G.O(Ms) No.38/2025/WRD പ്രകാരം സർക്കാർ അംഗീകരിച്ചു. ആലുവയിലെ 190 എം.എൽ.ഡി പ്ലാന്റിന് ഭരണാനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു.<br><br>കൊച്ചി കോർപറേഷനിൽ ആദ്യ ഘട്ടമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കൊച്ചി നഗരത്തിലെ ജല വിതരണ ശൃംഖല നവീകരിക്കലും, വിപുലപ്പെടുത്തലും പ്രവൃത്തിയുടെ ദർഘാസ് കേരള സർക്കാർ അംഗീകരിച്ചതിനെ തുടർന്ന് കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ടിനായി, ഇന്ത്യയും (Department of Economic Affairs DEA) ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കും ("എഡിബി") തമ്മിൽ 22-05-2025ൽ വായ്പാ കരാർ (Loan Agreement) ഒപ്പ് വച്ചു. 22-05-2025 ൽ നടന്ന പദ്ധതി കരാറിൽ Project Agreement) ഒരു വശത്ത് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കും ("എഡിബി") മറുവശത്ത് കേരള സംസ്ഥാനവും, കേരള ജല അതോറിറ്റിയും ഒപ്പുവച്ചു.<br><br>21.06.2025 ൽ 'കൊച്ചിയിലെ ജലവിതരണ സംവിധാന പ്രവർത്തനങ്ങളും പരിപാലനവും സിസ്റ്റം അപ്ഗ്രേഡും' എന്ന പ്രവൃത്തിക്കുള്ള കരാർ, കെ.ഡബ്ല്യൂ.എ കൊച്ചി പി.എച്ച് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ, L1 കരാറുകാരൻ M/s Suez Project Pvt Ltd-മായി ഒപ്പ് വച്ചു. 05.0.7.2025-ൽ LISU കൺസൾട്ടന്റിനായുള്ള കരാർ പ്രോജക്ട് ഡയറക്ടർ (മാനേജിംഗ് ഡയറക്ടർ, കെ.ഡബ്ല്യൂ.എ) M/s GKW Consult Gmbh-മായി ചേർന്ന് നടപ്പിലാക്കി. |

സെക്ഷൻ ഓഫീസർ